I/50116/2024

<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ് DES/80/2024-DDU1** **തീയതി: 16-02-2024**

<u>**സർക്കുലർ**</u>

വിഷയം: ഡി.ഇ.എസ്-'എക്കോസ്റ്റാറ്റ് ന്യൂസ് ' , 'എക്കോസ്റ്റാറ്റ് ബുള്ളറ്റിൻ' എന്നിവ പ്രസിദ്ധീകരിക്കുന്നത് -സംബന്ധിച്ച്

സൂചന: 04-06-2022 തീയതിയിലെ DES/2364/2022-COMP1 നമ്പർ സർക്കുലർ.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന **'എക്കോസ്റ്റാറ്റ് ന്യൂസ്'** ഇടയ്ക്ക് മുടങ്ങുകയുണ്ടായി. പ്രസിദ്ധീകരണം പുന:രാരംഭിക്കുന്നതിലേക്ക് ജീവനക്കാരിൽ നിന്നും സ്ഥിതിവിവരക്കണക്ക് സംബന്ധമായ ലേഖനങ്ങൾ ക്ഷണിക്കുന്നു. കൂടാതെ, പുതുതായി ആരംഭിച്ചിട്ടുള്ള പ്രതിമാസ വാർത്താ പ്രസിദ്ധീകരണമായ **'എക്കോസ്റ്റാറ്റ് ബുള്ളറ്റ്'**-നിലേക്ക് വാർത്തകളും ലഭ്യമാക്കണമെന്ന വിവരം അറിയിക്കുന്നു.

വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന വിവരശേഖരണം, വിശകലനം തുടങ്ങിയവയുമായി ബന്ധപ്പെട്ടതും ആനുകാലിക/സാമൂഹിക/സാമ്പത്തിക വിഷയങ്ങളെ പ്രതിപാദിച്ചുകൊണ്ടുള്ളതുമായ ലേഖനങ്ങൾ ഉൾപ്പെടുത്തി എക്കോസ്റ്റാറ്റ് ന്യൂസും, വകുപ്പ് സംഘടിപ്പിക്കുന്ന പ്രധാന പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് എക്കോസ്റ്റാറ്റ് ബുള്ളറ്റിനും തയ്യാറാ ക്കപ്പെടുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പരിപാടികളെയും പദ്ധതികളെയും കുറിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടുകളെ സംബന്ധിച്ച് കൂടുതൽ അവബോധം പൊതുജനങ്ങളിലേക്കും, ഇവയുടെ പ്രാധാന്യം ഇതര വകുപ്പുകളിലേക്കും വിവിധ ഏജൻസികളിലേക്കും ലഭ്യമാക്കുക എന്നതാണ് മേൽ സൂചിപ്പിക്കപ്പെട്ട പ്രസിദ്ധീകരണങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

<u>**എക്കോസ്റ്റാറ്റ് ബുള്ളറ്റിൻ**</u>

വകുപ്പ് സംഘടിപ്പിക്കുന്ന പ്രധാന പരിശീലനപരിപാടികൾ, സെമിനാറുകൾ, ആഘോഷങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്ന എക്കോസ്റ്റാറ്റ് ബുള്ളറ്റിനിലേക്ക് ജില്ലാ/താലൂക്ക്/ SASA/ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ തുടങ്ങിയ ഓഫീസുകളിൽ സംഘടി പ്പിക്കപ്പെടുന്ന പ്രധാന പരിപാടികളുടെ വിവരങ്ങൾ അതത് ഓഫീസു കളുടെ മേലധികാരികൾ വാർത്താ രൂപത്തിൽ (English) ഫോട്ടോ സഹിതം കാലതാമസം വരുത്താതെ ലഭ്യമാക്കേണ്ടതാണ്. എല്ലാ മാസവും അഞ്ചാം തീയതിക്കകം പ്രസിദ്ധീകരിക്കുന്ന ഈ ന്യൂസ് ലെറ്ററിൽ തൊട്ടു പിന്നിലത്തെ മാസത്തെ പരിപാടികളാണ്

ഉൾക്കൊള്ളിക്കുന്നത്. നവംമ്പർ മാസത്തെ പരിപാടികളുടെ വിവരങ്ങൾ ഡിസംബർ ലക്കത്തിൽ പൂർണ്ണമായും മലയാളത്തിലാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നത്.

**എക്കോസ്റ്റാറ്റ് ന്യൂസ്**

വകുപ്പ് നടത്തിവരുന്ന വിവരശേഖരണം, വിശകലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആനുകാലിക/ സാമൂഹിക/ സാമ്പത്തിക വിഷയങ്ങളെ പ്രതിപാദിച്ചുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പ്രസിദ്ധീകരണമായ എക്കോസ്റ്റാറ്റ് ന്യൂസിലേക്ക് ഡയറക്ടറേറ്റ്/ജില്ലാ/താലൂക്ക് ഓഫീസുകളിലെ ജീവനക്കാരും, ഇതര വകുപ്പുകളിൽ ജോലിചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ജീവനക്കാരും ഭാഗഭാക്കാകേ ണ്ടതാണ്. അവരവരുടെ കഴിവുകൾക്കനുസരിച്ച് സമ്പദ്ഘടനയെ സംബന്ധിച്ചും, സ്ഥിതി വിവരകണക്ക് ഉപയോഗിച്ചുളള അപഗ്രഥത്തിനും പ്രാധാന്യം നൽകി തയ്യാറാക്കുന്ന ലേഖനങ്ങളാണ് പ്രസിദ്ധീകരണ ത്തിനായി ലഭ്യമാക്കേണ്ടത്.

SASA, IMG, Digital University, DES, NSSTA തുടങ്ങിയ ഏജൻസികൾ മുഖേന Data Analysis, Data Presentation, Report Writing, Data Analytics, Artificial Intelligence, GIS തുടങ്ങിയവയിൽ പരിശീലനം ലഭിച്ചിട്ടുള്ള ഡയറക്ടറേറ്റ്/ജില്ലാ/താലൂക്ക് ഉദ്യോഗസ്ഥർ, ഇതര വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് ജീവനക്കാർ എന്നിവരിൽ നിന്നും ഇത് സംബന്ധിച്ച ലേഖനങ്ങൾ നിർബന്ധമായും നൽകേണ്ടതും, ആയത് പ്രസിദ്ധീകരണത്തിനായി ബന്ധപ്പെട്ട മേലധികാരികൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഇതിലേക്കായി ജീവനക്കാർ തയ്യാറാക്കുന്ന ലേഖനങ്ങൾ ഡാറ്റാ ഡിസമിനേഷൻ യൂണിറ്റിലേക്ക് ലഭ്യമാക്കുന്നതിന് ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികളും, ജില്ലാ മേധാവികളും ഇതര വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗങ്ങളുടെ തലവൻമാരും മുൻകൈ എടുക്കേണ്ടതാണ്. ജില്ലയിൽ നിന്നും ഒരു ലേഖനമെങ്കിലും എല്ലാ മാസവും എക്കോസ്റ്റാറ്റ് ന്യൂസിലേക്ക് തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഡയറക്ടറേറ്റിലെ വിവിധ വിഭാഗങ്ങൾ/ ജില്ലാ/ താലൂക്ക് ആഫീസുകൾ എന്നിവിടങ്ങളിൽ നടക്കുന്ന അവലോകന യോഗത്തിൽ എക്കോസ്റ്റാറ്റ് ന്യൂസ്, എക്കോസ്റ്റാറ്റ് ബുള്ളറ്റിൻ എന്നിവയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ കൂടി ചർച്ച ചെയ്യേണ്ടതാണ്. സൃഷ്ടികൾ തയ്യാറാക്കുന്നതിന് അവലംബിച്ച സ്രോതസ്സുകളുടെ വിവരം അടിക്കുറിപ്പായി രേഖപ്പെടുത്തേണ്ടതാണ്.

എക്കോസ്റ്റാറ്റ് ന്യൂസിലേക്ക് ലഭ്യമാക്കുന്ന ലേഖനങ്ങൾ ecostatnews@gmail.com എന്ന മെയിലിലേക്കും എക്കോസ്റ്റാറ്റ് ബുള്ളറ്റി നിലേക്കുള്ള വാർത്തകൾ ecostatbulletin@gmail.com എന്ന മെയിലി ലേക്കും (മലയാളം യൂണികോഡ് മീര ഫോണ്ട് / ML-TT KARTHIKA ഫോണ്ട്, ഇംഗ്ലീഷ് - ARIAL / TIMES NEW ROMAN ഫോണ്ട്) കഴിവതും word രൂപത്തിൽ ലഭ്യമാക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന മികച്ച മൂന്ന് സൃഷ്ടികൾക്ക് അതത് വർഷം വകുപ്പ് ഡയറക്ടറേറ്റിൽ ചേരുന്ന പ്രത്യേക യോഗത്തിൽ പ്രശംസാപത്രവും, ഫലകവും നൽകുന്നതാണ്.

വകുപ്പിന്റെ പ്രവർത്തന മികവ് മെച്ചപ്പെടുത്തിന്നതിനുവേണ്ടി ഗവേഷണതൽപ്പരരും ഉന്നത ബിരുദധാരികളും ആയ ജീവനക്കാരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് എല്ലാ ജില്ലകളിലും ഡയറക്ടറേറ്റ് തലത്തിലും 'എക്കോസ്റ്റാറ്റ് റിസർച്ച് ഫോറം' എന്ന വേദി രൂപീകരിച്ചിട്ടുണ്ട്. അതത് ഓഫീസ് തലങ്ങളിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നുമുണ്ട്. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇതിന് ചുക്കാൻ പിടിക്കുകയും എക്കോസ്റ്റാറ്റ് ന്യൂസിലേക്ക് ആവശ്യമായ സൃഷ്ടികൾ സമയ ബന്ധിതമായി അയക്കുന്നതിനും ഉത്തരവാദികളാണ്.

<u>നിബന്ധനകൾ</u>

- വ്യക്തികൾക്കോ, ജീവനക്കാർ കൂട്ടായോ, ആഫീസിന്റെ പേരിലോ സൃഷ്ടികൾ അയയ്ക്കാവുന്നതാണ്.
- സൃഷ്ടികൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, ഓഫീസ് മേൽവിലാസം എന്നിവ കൂടി ഉൾപ്പെടുത്തേ ണ്ടതാണ്.
- സൃഷ്ടികളിൽ വിശകലനത്തിന് വിധേയമാക്കിയ ഡാറ്റയുടെ ഉറവിടം (വകുപ്പ്/ ഏജൻസി/ വർഷം/ റിപ്പോർട്ടാണെങ്കിൽ അതിന്റെ പേര്/Web Based ആണെങ്കിൽ URL Address) എന്നിവ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്.
- എല്ലാ സൃഷ്ടികളും ഡറക്ടറേറ്റിലെ എഡിറ്റോറിയൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കും പ്രസിദ്ധീകരണത്തിനായി സ്വീകരിക്കുന്നത്.
- വിശകലനം ചെയ്തിരിക്കുന്ന ഡാറ്റയുടെ ഗുണനിലവാരം, വിശ്വാസ്യത എന്നിവ ഉറപ്പുവരുത്തിയാവണം സൃഷ്ടികൾ അയക്കേണ്ടതാണ്.
- ഏതെങ്കിലും മാധ്യമങ്ങളിൽ മുൻപ് പ്രസിദ്ധീകരിക്കപ്പെട്ട ലേഖന ങ്ങൾ സ്വീകരിക്കുന്നതല്ല.
- Time Series Statistical Analysis, Data Comparison with Previous Periods, Data Comparison with other Localbodies, Blocks/ Districts / States / All India, ഒരു പ്രത്യേക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ തുടങ്ങി വകുപ്പുമായി ബന്ധപ്പെട്ട ഏതു വിഷയവും പഠന വിധേയമാക്കാവുന്നതും, സൃഷ്ടിയിൽ ഏതു വിഷയവും ഉൾപ്പെടുത്താവുന്നതുമാണ്.
- വകുപ്പിന് പുറത്തു നിന്നുമുള്ള വിദഗ്ധരായവരുടെ സാമ്പത്തിക അവലോകന റിപ്പോർട്ടുകളും പരിഗണിക്കുന്നതാണ്.

Signed by
Sreekumar B
Date: 16-02-2024 10:26:59

പകർപ്പ്:
1. സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ
2. ഡയറക്ടറേറ്റിലെ വിവിധ സെക്ഷൻ മേധാവികൾ
3. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
4. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസർമാർ
5. ഡയറക്ടറുടെ സി.എ.
6. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
7. അഡീഷണൽ ഡയറക്ടർമാരുടെ സി.എ.

I/50116/2024